# രണ്ടു വിധികൾ നൽകുന്ന സന്ദേശം

**കഴിഞ്ഞവാരത്തിൽ** വന്ന രണ്ടു കോടതിവിധികൾ മുസ്‌ലിം സമുദായത്തിനു മാത്രമല്ല, മനുഷ്യാവകാശബോധമുള്ള എല്ലാവർക്കും ഏറെ ആശ്വാസമരുളുന്നതാണ്. ബിൽകീസ്ബാനു കൂട്ടക്കൊലക്കേസിൽ മുംബൈ സ്പെഷ്യൽ കോടതി പുറപ്പെടുവിച്ച വിധിയാണ് ഒന്ന്. മാറാട് കലാപത്തെത്തുടർന്ന് ജയിലിൽ കഴിയുന്നവരിൽ വൃദ്ധരും രോഗികളുമായ 28 പേർക്ക് ജാമ്യമനുവദിച്ചുകൊണ്ടുള്ള കേരളാ ഹൈക്കോടതിയുടെ ഉത്തരവാണ് മറ്റൊന്ന്.

2002-ലെ ഗുജറാത്ത് വംശഹത്യയിൽ വർഗീയ രാക്ഷസന്മാരുടെ കൂട്ട ബലാത്സംഗത്തിനിരയാവുകയും കുടുംബത്തിലെ പതിനാറംഗങ്ങൾ നഷ്ടപ്പെടുകയും ചെയ്ത ഹതഭാഗ്യയാണ് ബിൽകീസ്ബാനു. മൂന്നുവയസ്സായ സ്വന്തം കുഞ്ഞിനെ കല്ലിലിടിച്ച് കൊല്ലുന്നതും മാതാവിനെയും മറ്റൊരു ബന്ധുവിനെയും ബലാത്സംഗം ചെയ്തശേഷം കൊല്ലുന്നതും നോക്കിനിൽക്കേണ്ടിവന്ന സ്ത്രീ. ഇതു കൂടാതെ വേറെയും അഞ്ചു ബന്ധുക്കളെ കാപാലികർ അവരുടെ മുന്നിലിട്ട് കഴുത്തറുത്തു. അന്നു കാണാതായ മറ്റ് എട്ടുപേരെക്കുറിച്ച് ഇതുവരെ യാതൊരു വിവരവുമില്ല. ഈ സംഭവം തെളിവുകളും സാക്ഷികളുമില്ലെന്നുവരുത്തി തേച്ചു മായ്ച്ചു കളയാനായിരുന്നു ഗുജറാത്ത് സർക്കാറിന്റെ ശ്രമം. പക്ഷേ, ബിൽക്കീസ്ബാനു എന്ന വനിതയുടെ നിശ്ചയദാർഢ്യം അതിനനുവദിച്ചില്ല. അവർ സുപ്രീംകോടതിയെ സമീപിച്ചു. കേസ് ഗുജറാത്തിനു പുറത്ത് വിചാരണ ചെയ്യാൻ സുപ്രീം കോടതി ഉത്തരവിട്ടു. അതനുസരിച്ച് മുംബൈ ഹൈക്കോടതി നിയമിച്ച സ്പെഷ്യൽ ജഡ്ജി യു.ഡി സാൽവിയാണ് പതിമൂന്ന് കുറ്റവാളികൾക്ക് ശിക്ഷവിധിച്ചത്. രണ്ടായിരത്തോളം പേർ കൊല്ലപ്പെട്ട വംശഹത്യയുമായി ബന്ധപ്പെട്ട ഒരു കേസിൽ പതിമൂന്നു പേർ ശിക്ഷിക്കപ്പെട്ടത് അത്രവലിയ കാര്യമാണോ എന്നു ചോദിക്കാം. ഗുജറാത്തിന്റെ പശ്ചാത്തലത്തിൽ ഈ വിധിക്ക് സുപ്രധാനമായ പല മാനങ്ങളുമുണ്ട് എന്നാണ് ഉത്തരം. ഒന്നാമതായി ഗുജറാത്ത് കലാപക്കേസുകളിൽ വരുന്ന ആദ്യത്തെ ശിക്ഷാവിധിയാണിത്. കഴിഞ്ഞ ആറുവർഷമായി നീതിക്കുവേണ്ടി കേണുകേണ് നിരാശയുടെ വക്കിലെത്തിയ അനേകായിരങ്ങളിൽ ഈ വിധി ആശയും ആവേശവുമുണർത്തും. ബിൽകീസ്ബാനുവിന്റേത് ഒരു ഒറ്റപ്പെട്ട കേസല്ല. സമാനമായ നിരവധി കേസുകൾ വേറെയുമുണ്ട്. ബിൽക്കീസ് ബാനു എന്ന മുസ്‌ലിം യുവതി കാഴ്ച വെച്ച ദൃഢനിശ്ചയവും ആത്മധൈര്യവും മാതൃകാപരമാണ്; പതിനാലുപേരെ ചുട്ടുകൊന്ന ബെസ്റ്റ് ബേക്കറി കേസിലെ ദൃക്സാക്ഷിയായ സഹീറാ ശൈഖുമായി തുലനം ചെയ്യുമ്പോൾ വിശേഷിച്ചും.

മുംബൈ കോടതി ശിക്ഷിച്ചവരിൽ പോലീസും ഡോക്ടറും ഉൾപ്പെടെയുള്ള സർക്കാറുദ്യോഗസ്ഥരുമുണ്ട് എന്നതും വളരെ പ്രധാനമാണ്. വർഗീയ ലഹളകളിൽ കക്ഷിചേരുന്ന സർക്കാർ ജീവനക്കാർക്കുള്ള കനത്ത താക്കീതാണത്. അതോടൊപ്പം ഗുജറാത്ത് വംശഹത്യ സർക്കാറിന്റെ സജീവ പങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെട്ടതാണെന്ന വസ്തുതക്ക് കോടതി നൽകുന്ന കൈയൊപ്പുമാണ് ഈ വിധി.

മാറാട് കലാപത്തിന്റെ പേരിൽ 140-ഓളം പേർ തടവിലായിട്ട് വർഷം നാലായി. അക്കൂട്ടത്തിൽ വലിയൊരു പങ്ക് നിരപരാധികളായിരിക്കാനാണ് സാധ്യത. പോലീസ് സംശയിക്കുന്നവരുടെ കുറ്റം കോടതിയിൽ തെളിയിക്കാൻ വൈകുമ്പോൾ സംശയിക്കപ്പെടുന്നവരെ ജാമ്യത്തിൽ വിടുകയെന്നതാണ് സാമാന്യ നീതി. നിയമം അതനുശാസിക്കുന്നുമുണ്ട്. മാറാട് കേസിൽ അരയ സമാജത്തിന്റെയും സംഘ്പരിവാറിന്റെയും അതൃപ്തി ഭയന്നാണ് പോലീസ് പ്രതികൾക്ക് ജാമ്യം ലഭിക്കാതിരിക്കാൻ നടപടി സ്വീകരിച്ചത്. രണ്ടാം മാറാടിന് കാരണമായ ഒന്നാം മാറാടിന്റെ പ്രതികൾ ജാമ്യം നേടി പുറത്തു സൈ്വര്യമായി വിഹരിക്കുന്നതും അതുകൊണ്ടു തന്നെ. ഇപ്പോൾ കോടതി 28 പേർക്ക് അനുവദിച്ച ജാമ്യം അതിന്റെ കടുത്ത നിബന്ധനകൾകൊണ്ട് ഏറക്കുറേ ജയിലിനു പുറത്തുള്ള തടവുതന്നെയാണ്. എന്നാലും, നഗ്നമായ വിവേചനം അത്രത്തോളമെങ്കിലും പരിഹരിക്കപ്പെട്ടത് ആശ്വാസകരമാണ്.

ഈ രണ്ടു സംഭവങ്ങളും ഒരു ന്യൂനപക്ഷ സമുദായം എന്ന നിലയിൽ മുസ്‌ലിംകൾ ശ്രദ്ധിച്ചു പഠിക്കേണ്ട രണ്ടു പാഠങ്ങൾ നൽകുന്നുണ്ട്. ഇന്ത്യയുടെ ന്യായാസനങ്ങൾ ഇപ്പോഴും മർദിതരുടെ ആവലാതികൾ കേൾക്കാനും അവരുടെ കണ്ണീരൊപ്പാനും തയാറാകുന്നു എന്നതാണ് ഒന്ന്. ഗുജറാത്തിലേതുപോലെ ജനാധിപത്യവും ഗവൺമെന്റും മുഖം തിരിച്ചാലും ന്യൂനപക്ഷങ്ങൾക്ക് അവസാനത്തെ അത്താണിയായി കോടതിയുണ്ട്. പരാതികൾ സുതാര്യമായും വ്യവസ്ഥാപിതമായും ന്യായാസനങ്ങൾക്കു മുമ്പിലെത്തിച്ചാൽ നമുക്ക് നീതി കിട്ടുക തന്നെ ചെയ്യും. ഭൂരിപക്ഷ ന്യൂനപക്ഷമന്യെയുള്ള മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെയും മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെയും സഹായം എപ്പോഴും മർദിത വിഭാഗങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കും എന്നതാണ് രണ്ടാമത്തെ പാഠം. ബിൽക്കീസ് ബാനുവിന്റെ കേസ് വ്യവസ്ഥാപിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ മനുഷ്യാവകാശ പ്രവർത്തകരായ ടീസ്റ്റാ സെറ്റൽവാദ് തുടങ്ങിയവർ വഹിച്ച പങ്ക് അതിപ്രധാനമാണ്. ഗുജറാത്തിൽ ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിച്ച റിലീഫ് കമ്മിറ്റി(IRCG)യുടെ ആഭിമുഖ്യത്തിൽ ഡോ. ശക്കീൽ അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'സെൽ ഫോർ ലീഗൽ ഹെൽപ് ആന്റ് ഗൈഡൻസ്'(CLHG)ഉം കലാപക്കേസുകളിൽ മർദിതർക്ക് നിയമസഹായം നൽകിവരുന്നുണ്ട്. മാറാട് കേസിൽ കേരളത്തിലെ മതേതര-മനുഷ്യാവകാശ പ്രവർത്തകർ സ്വീകരിച്ച നിലപാട് കൃതജ്ഞതാർഹമാണ്. വിചാരണത്തടവുകാർക്ക് ജാമ്യം തടയുന്ന സർക്കാർ നിലപാടിനെതിരെ ജമാഅത്ത് ഉൾപ്പെടെയുള്ള മുസ്‌ലിം സംഘടനകളോടൊപ്പം കേരളത്തിലെ സാംസ്കാരികനായകന്മാരും മനുഷ്യാവകാശ പ്രവർത്തകരും ശബ്ദമുയർത്തിയിരുന്നു. പ്രോസിക്യൂഷൻ അതിന്റെ കടുത്ത നിലപാടിൽ അയവുവരുത്താൻ തീർച്ചയായും അതെല്ലാം സഹായകമായിട്ടുണ്ട്.

നീതിപീഠങ്ങളുടെയും ഭൂരിപക്ഷ സമുദായത്തിലെ ഭൂരിപക്ഷമായ നിഷ്പക്ഷ ജനങ്ങളുടെയും അനുഭാവം നേടിയെടുക്കുകയും വളർത്തുകയും ചെയ്യുക എന്നതാണ് ന്യൂനപക്ഷ സുരക്ഷിതത്വത്തിന്റെ ഏറ്റവും ശക്തമായ ഉപാധി. അതുവഴിയാണ് നിയമവാഴ്ചയും സമുദായ സൗഹാർദവും സഹകരണവും പുഷ്ടിപ്പെടുക. അക്രമത്തെ അതിലും വലിയ അക്രമം കൊണ്ടു നേരിടാൻ ശ്രമിച്ചാൽ നിയമവാഴ്ച തകരും. ഭൂരിപക്ഷത്തിലെ എല്ലാവിഭാഗങ്ങളും ന്യൂനപക്ഷത്തിന്റെ ശത്രുക്കളായി മാറുകയും ചെയ്യും. ഈ പാഠങ്ങളുൾക്കൊള്ളാൻ വിസമ്മതിക്കുന്നവരാരായാലും, അതിന്റെ കനത്ത വില നൽകേണ്ടി വരിക സമുദായം മുഴുവനാണ്. ■